**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** | **16-03-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ - പെരിറ്റോണിയൽ ഡയലിസിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിലെ താലൂക്ക് ആശുപത്രികളിലോ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലോ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലാ ആശുപത്രിയിലാണ് കൊല്ലം ജില്ലയിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | പെരിറ്റോണിയിൽ പദ്ധതിയിലൂടെ രോഗികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വ്യക്തമാക്കാമോ; | (ബി) | പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വീടുകളിൽ വച്ച് തന്നെ രോഗികൾക്ക് ഡയാലിസിസ് നടത്താൻ സാധിക്കുന്ന പദ്ധതിയാണ്. സാധാരണ ചെയ്തു വരുന്ന ഹീമോ ഡയാലിസിസ് രക്ത ധമനികൾ വഴിയാണ് നടപ്പിലാക്കുന്നതെങ്കിൽ പെരിടോണിയൽ ഡയാലിസിസ്, വയറിൽ കത്തീറ്റർ നിക്ഷേപിച്ച് ഡയാലിസിസ് ചെയ്യുന്ന രീതിയാണ്. ദിവസവും ഒന്നോ രണ്ടോ തവണ കത്തീറ്റർ വഴി പെരിടോണിയൽ ഡയാലിസിസ് ദ്രാവകം വയറിനുള്ളിലേയ്ക്ക് കടത്തി ഡയാലിസിസ് നടത്തി ദ്രാവകം ഒഴുക്കി കളയുന്നതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതിൽ കത്തീറ്റർ നിക്ഷേപിക്കുന്നതും, പെരിടോണിയൽ ഡയാലിസിസ് ദ്രാവകം നൽകുന്നതും, കത്തീറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സാധന സാമഗ്രികൾ നൽകുന്നതും പെരിടോണിയൽ ഡയാലിസിസ് പദ്ധതിയിലൂടെ സൗജന്യമായാണ്. രോഗികൾക്ക് ഒരാഴ്ചത്തേയ്ക്കുള്ള ഡയാലിസിസ് ദ്രാവകം നൽകുകയും അത് ഉപയോഗിച്ച ശേഷം തുടർന്നുള്ള ബാഗുകൾ നൽകുന്നതുമാണ്. ഹീമോ ഡയാലിസിസ് പദ്ധതിയിലെ പോലെ രോഗികൾക്ക് ഡയാലിസിസ് നടത്തുവാനായി പിന്നീട് ആശുപത്രിയിലേയ്ക്ക് വരേണ്ട ആവശ്യമില്ല. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (സി) | പെരിടോണിയൽ ഡയാലിസിസ് നടപ്പിലാക്കുന്നതിന് ഒരു നെഫ്രോളജിസ്റ്റിസ്റ്റിന്റെ സേവനം തുടക്കത്തിൽ ആവശ്യമാണ്. രോഗിയുടെ വയറ്റിൽ കത്തീറ്റർ നിക്ഷേപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും അനുബന്ധ സാമഗ്രികളും ആശുപത്രിയിൽ ആവശ്യമാണ്. ഒരു രോഗിക്ക് |

| | | | |
|---|---|---|---|
| | | | ഹീമോ ഡയാലിസിസ് വേണമോ പെരിടോണിയൽ ഡയാലിസിസ് വേണമോ എന്ന തീരുമാനം കൈകൊള്ളേണ്ടത് ചികിത്സിക്കുന്ന ഡോക്ടറാണ്. ഇപ്പോൾ എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായാണ് ഈ പദ്ധതിയുടെ പ്രയോജനം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ